യാനം പോലെയുള്ള പ്രതിസന്ധികളിലേക്ക് വളരുന്നു. മുതലാളിത്തത്തെ സംബന്ധിച്ച് ലാഭം വർദ്ധിപ്പിച്ചു മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. ലാഭം വർദ്ധിപ്പിക്കുന്നതിനൊപ്പം ഈ രണ്ട് പ്രതിസന്ധികൾ നേരിടുകയും വേണം. വരേണ്യവികസന സങ്കൽപ്പം ഈ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ജനങ്ങളുടെ അവകാശങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ട് അതിനെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് ലോകം മുഴുവൻ ഭരണകൂടങ്ങൾ നടത്തുന്നത്. നവലിബറൽ സമ്പദ്‌വ്യവസ്ഥയ്ക്കൊപ്പം തന്നെ ഒരു നിയോഫാസിസ്റ്റ് ഭരണവ്യവസ്ഥയും ശക്തിപ്പെടുന്നു. ഭരണഘടനാവിരുദ്ധമായ നീക്കങ്ങൾക്ക് ഔദ്യോഗികമായ പിന്തുണ ലഭിക്കുന്നു. നവസാമൂഹ്യ പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളുമെല്ലാം ഇക്കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുപോകണം. ചെറിയരൂപത്തിൽ സമരങ്ങൾ നടത്തുന്നവർ വലിയ കാര്യങ്ങളെ കാണേണ്ടതുണ്ട്. വലിയ രാഷ്ട്രീയ പാർട്ടികളെ ചെറിയ സമരങ്ങളെ പുച്ഛിച്ച് തള്ളുന്നതിന് പകരം അതിന്റെ രാഷ്ട്രീയത്തെ ഉൾക്കൊള്ളാൻ ശ്രമിക്കുകയും വേണം. ഇവർ പരസ്പരം കണ്ണിചേരാൻ ശ്രമിച്ചില്ലെങ്കിൽ നവലിബറൽ-നവഫാസിസ്റ്റ് ശക്തികൾ സൃഷ്ടിക്കുന്ന യുദ്ധത്തെ നേരിടാൻ കഴിയാതെ വരും.

**(സാമ്പത്തിക വിദഗ്ധൻ, അദ്ധ്യാപകൻ)**

# പുറന്തള്ളലല്ല, ഉൾക്കൊള്ളലാണ് വികസനത്തിന്റെ ധർമ്മം

കെ.പി. ശശി

**1.** എൺപതുകളുടെ അവസാനത്തിൽ നർമ്മദ പ്രക്ഷോഭത്തോടനുബന്ധിച്ച് നടന്ന ഹർസൂദ് റാലി ദേശീയതലത്തിൽ പരിസ്ഥിതി സംവാദങ്ങൾക്ക് പുതിയ ഒരു ദിശ നൽകി. വലിയ രീതിയിലുള്ള ഈ ദേശീയ പ്രക്ഷോഭം നശീകരണാത്മക വികസനത്തിനെതിരായ രാജ്യത്തെ വിവിധ ഇടങ്ങളിലുള്ള ജനങ്ങളുടെ ശബ്ദമായാണ് കണക്കാക്കപ്പെട്ടത്. സ്വാഭാവികമായും അന്ന് ഉയർന്നുവന്നത് ഞങ്ങൾക്ക് വേണ്ടത് വികസനമാണ്, നശീകരണമല്ല എന്ന മുദ്രാവാക്യമായിരുന്നു. ഈ മുദ്രാവാക്യം രാജ്യത്തെങ്ങുമുള്ള പല മുന്നേറ്റങ്ങൾക്കും പ്രചോദനമായി മാറി. ഇതോടൊപ്പം 'വികസനം ആർക്കുവേണ്ടി, ആരുടെ ചിലവിൽ' എന്ന ചോദ്യവും ദേശീയതലത്തിൽ ഉയർന്നുവന്നു. വിഷയത്തിന്റെ മർമ്മത്തിൽ തൊടുന്നതായിരുന്നു ഈ ചോദ്യം. ഇത് വളരെ വിശദമായി ചർച്ച ചെയ്യേണ്ടതാണെങ്കിലും ചുരുങ്ങിയ വാക്കുകളിൽ പ്രതിഫലിപ്പിക്കാൻ ശ്രമിക്കാം.

1. വികസനത്തെ സാമ്പത്തികമായി മാത്രം അളക്കാൻ കഴിയില്ല. പൊതുവിൽ ജി.ഡി.പിയാണ് വികസനത്തിന്റെ ഉപാധിയായി കണക്കാക്കാറുള്ളത്. ജി.ഡി.പിയ്ക്ക് നിരവധി ന്യൂനതകൾ ഉണ്ട്. മാത്രമല്ല അത് വിവേചനപരം കൂടിയാണ്. സാമ്പത്തികമായിപോലും ഈ സൂചിക ആർക്കാണ് നേട്ടം, ആർക്കാണ് നഷ്ടം എന്ന ചോദ്യത്തെ അഭിമുഖീകരിക്കുന്നില്ല. ഉദാഹരണമായി, അമ്പതിനായിരം ആളുകളുടെ ഉപജീവനോപാധികൾ നഷ്ടപ്പെടുത്തി രണ്ടായിരം പേർക്ക് തൊഴിൽ നൽകുന്ന വിഴിഞ്ഞം പദ്ധതിയെ ഇവർ വികസനം എന്ന് വിശേഷിപ്പിച്ചേക്കാം.

2. പരിസ്ഥിതി, സംസ്കാരം, സാമൂഹിക ചിലവുകൾ, ജീവിതത്തിന്റെ മറ്റ് ഘടകങ്ങൾ എന്നിവ ഇപ്പോഴും വികസനത്തിന്റെ ഭാഗമായി പരിഗണിക്കുന്നില്ല.

3 നേർരേഖാ വികസന സങ്കൽപങ്ങൾ ചോദ്യം ചെയ്യപ്പെടണം. വികസനം തിരശ്ചീനമായി മാത്രമേ സാധ്യമാകൂ.

4. വൻകിട വികസന പദ്ധതികൾക്ക് അവയുടേതായ പരിമിതികൾ ഉണ്ട്. വികസിത രാജ്യങ്ങളിൽ പോലും ത്രീമൈൽ ഐലന്റ്, ചെർണോബിൽ, ഫുക്കുഷിമ എന്നീ ദുരന്തങ്ങൾ നേരിടുന്നതിൽ ദയനീയമായി പരാജയമുണ്ടായത്. ഇത്തരം ദുരന്തങ്ങളുണ്ടായ വികസിത രാജ്യങ്ങളുടെ ശേഷിയുടെ ചെറിയ ഒരംശം പോലും ഇന്ത്യക്കില്ല. എന്നാൽ അവർ നടപ്പിലാക്കുന്നതിന് സമാനമായ വൻകിട പദ്ധതികളാണ് ഇവിടെ നടപ്പാക്കുന്നത്. വികസിത രാജ്യങ്ങൾ പോലും ആണവോർജ്ജം പരാജയമാണെന്ന് മനസ്സിലാക്കുമ്പോഴും നമ്മുടെ സർക്കാർ ഇപ്പോഴും 'വികസനം' എന്ന് വിശേഷിപ്പിച്ച് അവയുമായി മുന്നോട്ടുപോവുകയാണ്.

5. വികസനം പുറംതള്ളലിന്റേതല്ല, ഉൾക്കൊള്ളലിന്റേതാകണം. അധികാര കേന്ദ്രത്തിൽ നിന്നും വരുന്ന വൻകിട വികസന പദ്ധതികൾക്ക് ഒരിക്കലും ഉൾക്കൊള്ളലിന്റേത് ആകാൻ കഴിയില്ല. വികസന സങ്കല്പങ്ങളിൽ അടിയന്തരമായി വികേന്ദ്രീകരണം നടപ്പാക്കേണ്ടതുണ്ട്.

6. വികസനത്തിന്റെ പ്രചോദനം ശരിക്കും ഏതാനും പേർക്ക് ലഭിക്കുന്ന ലാഭം ആയിരിക്കരുത്. നിർഭാഗ്യവശാൽ ഇത്തരത്തിലാണ് നമ്മുടെ വികസന മാതൃകകൾ.

7. മനുഷ്യജീവിന് ആദരവ് നൽകാത്ത ഒരു വികസനത്തെയും വികസനം എന്നു വിളിക്കാൻ കഴിയില്ല. ഇന്ത്യയിൽ ഇന്നത്തെ സാഹചര്യത്തിൽ മറ്റു പല കാരണങ്ങൾകൊണ്ടും ജീവന് യാതൊരു വിലയുമില്ലാതായിക്കൊണ്ടിരിക്കുകയാണ്.

8. നിലവിലെ വികസന മാതൃകകളിൽ മുന്നോട്ട് പോകുന്നതിനുമുമ്പ് ഇതുവരെ നാം സൃഷ്ടിച്ച വികസന അഭയാർത്ഥികളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കണം.

9. വികസനം ഒരിക്കലും വിഭവങ്ങൾ ബലമായി പിടിച്ചെടുത്തുകൊണ്ട് ആയിരിക്കരുത്.

10. സുസ്ഥിരമല്ലാത്ത വികസനത്തെ വികസനമെന്ന് വിളിക്കാൻ കഴിയില്ല.

ഒരു വികസന പദ്ധതി നടപ്പിലാക്കുമ്പോൾ പരിസ്ഥിതി- സാമൂഹിക നഷ്ടങ്ങൾ സാമ്പത്തികമായി അളന്ന് വികസനപദ്ധതിയുടെ ചിലവിൽ ചേർക്കണമെന്ന് സാമ്പത്തിക താൽപര്യങ്ങളും പരിസ്ഥിതി താൽപര്യങ്ങളും കൂട്ടിമുട്ടിക്കാൻ വേണ്ടി ചിലർ പറയാറുണ്ട്. എന്നാൽ ഇതിന് അതിൽതന്നെ അന്തർലീനമായ ചില പരിമിതികളുണ്ട്. തീർച്ചയായും അതിനെ ഒരു ഏകദേശ കണക്കായി എടുക്കാവുന്നതാണ്. പക്ഷെ നിങ്ങൾക്ക് പാരിസ്ഥിതിയേയും സംസ്കാരത്തേയും യഥാർത്ഥത്തിൽ സാമ്പത്തികമായി അളക്കാൻ കഴിയുമോ? സാധ്യമാണ് എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അവരോട് ഞാൻ ഭൂമിയുടെ സാമ്പ

ത്തിക മൂല്യം അളക്കാൻ ആവശ്യപ്പെടും.

**2.** അതെ. ഇത് ഒരു ആഗോള പ്രതിസന്ധിയായി മാറിയിട്ടുണ്ട്. പ്രകൃതിവിഭവങ്ങൾ ശോഷിച്ചുവരികയാണെങ്കിലും നിലവിലെ വികസനമാതൃകകൾ പ്രകാരം വികസന പ്രവർത്തനങ്ങൾക്ക് പ്രകൃതിവിഭവങ്ങളുടെ ആവശ്യം വൻതോതിൽ വർദ്ധിക്കുകയാണ്. നമ്മൾ പൊതുവെ ഉപയോഗിക്കുന്ന പ്രകൃതിവിഭവങ്ങൾ എന്ന സംജ്ഞ തന്നെ ഒരു പ്രശ്നമായാണ് ഞാൻ കാണുന്നത്. പ്രകൃതി ഒരിക്കലും വിഭവമല്ല, അത് ജീവന്റെ ഉറവിടമാണ്. ആധുനിക വികസന മാതൃകകളുടെ ആവശ്യത്തിന് ഉതകുന്ന രീതിയിലാണ് വിഭവം എന്ന വാക്ക് രൂപപ്പെടുത്തിയിരിക്കുന്നത്. ആദിവാസികൾ പ്രകൃതിയെ നോക്കുന്നത് വിഭവമായിട്ടല്ല, മറിച്ച് ജീവന്റെ ഉറവിടമായാണ്. വളർച്ചക്ക് പ്രകൃതിതന്നെ ചില പരിമിതികൾ നിശ്ചയിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട പ്രകൃതിയെ പുനർനിർമ്മിക്കാൻ ആധുനിക ശാസ്ത്രത്തിനോ സാങ്കേതികവിദ്യക്കോ കഴിയില്ല. നിലവിലെ വികസന മാതൃകയെ പ്രകൃതിക്ക് ഉൾക്കൊള്ളാൻ കഴിയില്ല. വികസന വേഗതയ്ക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ചിലപ്പോൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ ചില പരിഹാരങ്ങൾ കാണാൻ കഴിഞ്ഞേക്കും. എന്നാൽ അത് താൽക്കാലികം മാത്രമാണ്. ഉദാഹരണത്തിന് തൃശൂരിൽ ഇറങ്ങുന്ന വാഹനങ്ങളുടെ എണ്ണത്തെ തൃശൂരിലെ റോഡുകൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതായി മാറിയിരിക്കുന്നു. പരിഹാരമായി ഫ്ളൈഓവറുകൾ നിർമ്മിക്കാം. എന്നാൽ അതിന് ദീർഘകാലത്തേക്കുള്ള പരിഹാരമായി മാറാൻ കഴിയില്ലല്ലോ. നിങ്ങൾക്ക് റോഡുകൾ വികസിപ്പിക്കേണ്ടിവരും. അതിന് റോഡിന് വശങ്ങളിലുള്ള ധാരാളം മരങ്ങൾ മുറിക്കുകയും താമസക്കാരെ ഒഴിപ്പിക്കുകയും വേണ്ടിവരും. ഇത് ശാശ്വത പരിഹാരമല്ല. വാഹനങ്ങൾ നിയന്ത്രിക്കുക എന്നതാണ് ഒരേയൊരു പരിഹാരം. ഈ ഉത്തരവാദിത്വം ഒരു ഗവൺമെന്റും ഏറ്റെടുക്കുന്നില്ല. നിലവിലെ വികസന കാഴ്ചപ്പാട് ആത്മഹത്യാപരമാണ്. പ്രകൃതിയുടെ ചട്ടക്കൂടിനകത്ത്, അതിന്റെ പരിമിതികൾക്കകത്ത് മാത്രമേ മനുഷ്യനാഗരികതയ്ക്ക് വളരാൻ കഴിയൂ.

**3.** ഇക്കാലമത്രയും വികസനം സാമൂഹിക അസമത്വത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സമത്വാധിഷ്ഠിത വികസനം എന്ന ആശയം ആധുനിക വികസന മാതൃകകളിൽ കാണാൻ കഴിയില്ല. ലിംഗം, വംശം, ജാതി, മതം, സംസ്കാരം, ദേശീയത, ഭാഷ, പരിസ്ഥിതി എന്നിവയിലെല്ലാം ആധുനിക നശീകരണ വികസനം അസമത്വങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ചില വിഭാഗങ്ങൾ ഇത്തരം ലാഭാധിഷ്ഠിതമായ നശീകരണാത്മക വികസനത്തിൽ നിന്നും പ്രയോജനം നേടിയിട്ടുണ്ട് എന്ന് തോന്നാമെങ്കിലും എല്ലാ വശങ്ങളിൽ കൂടി നോക്കുകയാണെങ്കിൽ പാർശ്വപത്കൃത വിഭാഗങ്ങൾക്ക് ദീർഘകാലത്തേക്ക് അത് പ്രയോജനം നൽകിയിട്ടില്ല എന്ന് കാണാം. അതിനാൽ വികസനമെന്ന ആശയത്തെ പാർശ്വവത്കൃത ജനവിഭാഗങ്ങളുടെയും പരിസ്ഥിതിയുടെയും ആവശ്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ പുനർനിർമ്മിക്കേണ്ടതുണ്ട്.

**4.** അതെ. വികേന്ദ്രീകരണവും സാമൂഹിക ഇടപെടലും കേരളത്തിൽ വികസനത്തെ ശരിയായ ദിശയിലേക്ക് നയിക്കുന്നതായിരുന്നു. എന്നാൽ അതിന് പരിമിതികളുമുണ്ടായിരുന്നു. നിലവിലെ വികേന്ദ്രീകരണ സാമൂഹിക ഇടപെടലുകളിൽ ഒരു മാറ്റം ഇന്ന് അവശ്യമായിരിക്കുന്നു. എത്രത്തോളം നമുക്ക് കേരളാ മോഡൽ വികസനത്തെ ഒരു വികസന മാതൃകയായി ഉയർത്തിക്കാണിക്കാം എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. മാനസിക പ്രശ്നമുള്ളവർ, ലഹരി അടിമകൾ, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ, അസുഖങ്ങൾ, വൃദ്ധർ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ഏറ്റവും കൂടുതലുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. നമുക്ക് ആവശ്യമുള്ള പച്ചക്കറികളും ധാന്യങ്ങളും പോലും നമുക്ക് ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. നമ്മുടേത് ഒരു ആശ്രിത സമ്പദ്ഘടനയാണ്. അതിനെ നിങ്ങൾ ഒരു വികസനമാതൃകയായി കാണുമോ? ജാതി, ലിംഗം, ലൈംഗികത, വംശം, മതം, പരിസ്ഥിതി എന്നിവയിലൂടെയുള്ള വിവേചനം അടിച്ചമർത്തലിന്റെ പുതിയ രൂപങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യനൈപുണ്യത്തെ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നു എന്നതാണ് നമ്മുടെ ഒരേയൊരു നേട്ടം. അതാകട്ടെ നമ്മുടെ ഉപഭോഗ സംസ്കാരത്തെ വളർത്തുകയാണ് ചെയ്യുന്നത്. ഫെയർ ആന്റ് ലവ്ലി ക്രീമിന്റെ ആളോഹരി ഉപയോഗം മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതലായതുകൊണ്ടോ വലിയ ആഭരണശാലകളിലും സാരി ഷോറൂമുകളും ഉള്ളതുകൊണ്ടോ നാം വികസിത സമൂഹമാണ് എന്ന് പറയാൻ കഴിയില്ല. കേരളത്തിന്റെ പൊതുകടം ഇരട്ടിച്ചുകൊണ്ടിരിക്കുകയാണ്.

**5.** നമുക്ക് പ്രത്യാശിക്കാൻ വകയുണ്ട്. കഴിഞ്ഞ പതിറ്റാണ്ടുകളിലെ ജനമുന്നേറ്റങ്ങൾ നിരീക്ഷിച്ചാൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതൽ മുന്നേറാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നു കാണാം. സൈലന്റ്‌വാലി പ്രക്ഷോഭം മുതൽ പല വിജയകരമായ മുന്നേറ്റങ്ങളും ഇവിടെ നടന്നു. ജനകീയ പ്രക്ഷോഭം കാരണം നിർത്തിവെക്കേണ്ടിവന്ന ആദ്യത്തെ മെഗാ ഡാമുകളിൽ ഒന്നാണ് സൈലന്റ്‌വാലി. നർമ്മദ പ്രക്ഷോഭം ഉൾപ്പെടെ രാജ്യത്തെ പല മുന്നേറ്റങ്ങൾക്കും സൈലന്റ്‌വാലി സമരം പ്രചോദനമായിട്ടുണ്ട്. പ്ലാച്ചിമടയിൽ നിന്നും കൊക്കോകോളയെയും ചാലിയാറിന്റെ തീരത്ത് നിന്ന് ബിർളയെയും കെട്ടുകെട്ടിക്കുക എന്നത് ചുരുങ്ങിയ സമയംകൊണ്ട് നേടിയെടുത്തതല്ല. പൂയംകുട്ടി, പാത്രക്കടവ് തുങ്ങിയ പല വിനാശ പദ്ധതികളെയും തടയുന്നതിനുള്ള ശേഷിയുള്ള കേരളത്തിലെ ജനകീയ മുന്നേറ്റങ്ങൾ കാണിച്ചു. അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടു പോകുക എന്നത് ഇവിടെ എളുപ്പമായിരിക്കില്ല. പല നശീകരണ ഖനന പദ്ധതികളും ഇവിടെ നിർത്തിവെക്കേണ്ടിവന്നിട്ടുണ്ട്. പുഴകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന അനേകം നദീസംരക്ഷണ സംഘങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കേരളത്തിലെ വിജയിച്ച എല്ലാ പരിസ്ഥിതി സംരക്ഷണ മുന്നേറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. വരുന്ന തലമുറയ്ക്ക് അത് പ്രചോദനമാകും. ഈ സമരങ്ങളെല്ലാം നൂറുശതമാനം വിജയമായിരുന്നു എന്ന് ഞാൻ പറയില്ല. എങ്കിലും കേരളത്തിലെ ജനകീയ മുന്നേറ്റങ്ങളെ ഒരിക്കലും നിസ്സാരമായി കാണാൻ കഴിയില്ല. രാജ്യത്തെ മറ്റ് ജനകീയ സമരങ്ങൾക്ക് പ്രചോദനമാകുന്ന തരത്തിൽ ഈ മുന്നേറ്റങ്ങളെ ഉയർത്തിക്കൊണ്ടുവരണം.

**(ഡോക്യുമെന്ററി സംവിധായകൻ)**